(ഇ) 594 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ജില്ല	ധനസഹായം അനുവദിച്ചത്
തിരുവനന്തപുരം	225
കൊല്ലം	31
പത്തനംതിട്ട	10
ആലപ്പുഴ	65
കോട്ടയം	62
ഇടുക്കി	27
എറണാകുളം	14
തൃശ്ശൂർ	3
പാലക്കാട്	12
മലപ്പുറം	60
കോഴിക്കോട്	48
വയനാട്	8
കണ്ണൂർ	10
കാസർഗോഡ്	19
ആകെ	594

വയോമിത്രം പദ്ധതി

219 (7518) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധജനങ്ങൾക്കായി 'വയോമിത്രം' എന്ന പേരിൽ ഒരു പദ്ധതി സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) സർക്കാരിന് പുറമേ മറ്റ് ഏതെങ്കിലും ഏജൻസികൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഏജൻസികളുടെ പേരും അവരുടെ പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(ഇ) നിലവിൽ എത്ര വയോമിത്രം യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എത്രപേർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ; ജില്ല്തിരിച്ചുള്ള കണക്ക് നൽകുമോ ;

(ജി) പദ്ധതി നടത്തിപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം എപ്രകാരമാണ് ; ഇവരെ മിഷന്റെ മറ്റ് പരിപാടികൾക്കായി വിനിയോഗിക്കാറുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വയോജനങ്ങൾക്ക് ആരോഗ്യപരിരക്ഷ നൽകുന്നതിന് ലക്ഷ്യമിട്ട് വയോമിത്രം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി). സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കിവരുന്ന പദ്ധതിയാണ് വയോമിത്രം. പദ്ധതിയിലൂടെ വയോജനങ്ങൾക്ക് സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകി വരുന്നു. നിലവിൽ 27 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷൻ പ്രദേശത്തും പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഘട്ടം ഘട്ടമായി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി & ഡി) തുടക്കത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, എൻ.ആർ.എച്ച്.എം., കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവർ ചേർന്ന് നടപ്പിലാക്കുവാനാണ് തീരുമാനിച്ചത്. എന്നാൽ എൻ.ആർ.എച്ച്.എം.-ൽ നിന്ന് സഹായം ലഭിക്കാത്തതിനാൽ ഇപ്പോൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുമായി സഹകരിച്ചാണ് നടപ്പിലാക്കിവരുന്നത്.

(ഇ&എഫ്) സംസ്ഥാനത്ത് നിലവിൽ 32 വയോമിത്രം യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള യൂണിറ്റുകളുടെ എണ്ണവും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

ജില്ല	യൂണിറ്റുകളുടെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	2	17,551
കൊല്ലം	2	9,071
ആലപ്പുഴ	2	5,644
പത്തനംതിട്ട	2	3,821
ഇടുക്കി	1	2,801
കോട്ടയം	2	5,031
എറണാകുളം	3	7,622

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
തൃശ്ശൂർ	3	10,172
പാലക്കാട്	3	4,295
മലപ്പുറം	5	8,733
കോഴിക്കോട്	3	26,347
വയനാട്	1	1,506
കണ്ണൂർ	2	3,098
കാസർഗോഡ്	1	1,506
ആകെ	32	1,07,198

(ജി) ഓരോ വയോമിത്രം യൂണിറ്റിലും ഓരോ കോർഡിനേറ്റർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ, ഡോക്ടർ എന്ന ക്രമത്തിലാണ് ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ടിന്റെ പൂർണ്ണ ചുമതല കോർഡിനേറ്റർക്കാണ് നൽകിയിട്ടുള്ളത്. വയോമിത്രം പദ്ധതിയുടെ നടത്തിപ്പിന് കോട്ടം തട്ടാത്തവിധം സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കും വയോമിത്രം കോർഡിനേറ്റർമാരുടെ സേവനം വിനിയോഗിക്കാറുണ്ട്.

വയോമിത്രം പദ്ധതി ആവിഷ്കരിച്ച മുനിസിപ്പാലിറ്റികൾ

220 (7519) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വയോമിത്രം' പദ്ധതി ആരംഭിച്ച പുതിയ മുനിസിപ്പാലിറ്റികൾ ഏതെല്ലാമാണ് ; ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ മുനിസിപ്പാലിറ്റികളെ തെരഞ്ഞെടുത്തത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് തലത്തിൽ വൃദ്ധജനക്ഷേമത്തിനായി ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോമിത്രം പദ്ധതി ആരംഭിച്ച മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. പത്തനംതിട്ട
2. ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly